കൈത്തറി വ്യവസായം സംരക്ഷിക്കാൻ നടപടി

146 [2625] ശ്രീ. കെ. പി. രാജേന്ദ്രൻ:
,, പി. എസ്. സുപാൽ:
,, എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-02, 2002-03 വർഷങ്ങളിൽ എത്ര ദിവസം വീതം കൈത്തറി വസ്ത്രങ്ങൾക്ക് റിബേറ്റ് അനുവദിച്ചിട്ടുണ്ട്;

(ബി) ഈ കാലയളവിൽ ഓരോ വർഷവും റിബേറ്റിനത്തിൽ സംസ്ഥാനത്തിന് കേന്ദ്രം നീക്കിവച്ച തുക എത്രയാണെന്നും, ഓരോ വർഷവും ഈ ഇനത്തിൽ സംസ്ഥാനം നേടിയെടുത്ത തുക എത്ര വീതമാണെന്നും വ്യക്തമാക്കുമോ;

(സി) തറികളുടെ വികസനത്തിനായി ഓരോ വർഷവും കേന്ദ്രം നീക്കിവച്ച തുകയും സംസ്ഥാനം നേടിയെടുത്ത തുകയും എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രാഥമിക കൈത്തറി സംഘങ്ങൾക്കുള്ള സഹായങ്ങൾ നിർത്തിയതുമൂലം ഇതിനകം എത്ര സംഘങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) കഴിഞ്ഞ ഇരുപത്തിയഞ്ചുമാസക്കാലത്തിനിടയിൽ മാർക്കറ്റിംഗ് ഇൻസെന്റീവ് ആയി കേന്ദ്രത്തിൽനിന്നും തുക നേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുക; ഈ തുക വിതരണം ചെയ്തിട്ടുണ്ടോ;

(എഫ്) കൈത്തറി വ്യവസായത്തെ പ്രതിസന്ധിയിൽനിന്നും രക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2001-02-ൽ 78 ദിവസത്തേക്കും 2002-03-ൽ ഓണക്കാലത്ത് ഹാൻടെക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങൾക്ക് 14 ദിവസവും പ്രാഥമിക സംഘങ്ങൾക്ക് 7 ദിവസവും ക്രിസ്തുമസ് കാലത്ത് 4 ദിവസവും റിബേറ്റ് അനുവദിച്ചു.

(ബി) കേന്ദ്ര സർക്കാരിന്റെ റിബേറ്റ് സ്കീം 1-4-1988 മുതൽ നിർത്തലാക്കി. അതിനാൽ കേന്ദ്ര വിഹിതത്തിന് അർഹത ഉണ്ടായിരുന്നില്ല.

(സി) തറി നവീകരണം ഉൾപ്പെടെയുള്ള വികസന പ്രവർത്തനം ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ നടപ്പാക്കിവരുന്ന പദ്ധതികൾ പ്രകാരം 2001-02 സാമ്പത്തിക വർഷം 486.29 ലക്ഷം രൂപയും 2002-03 സാമ്പത്തിക വർഷം 98.485 ലക്ഷം രൂപയും സംസ്ഥാനത്തിന് ലഭിക്കുകയുണ്ടായി.

(ഡി) പ്രാഥമിക സംഘങ്ങൾക്കുവേണ്ടി 9-ാം പദ്ധതിക്കാലത്ത് ആരംഭിച്ച പ്രധാനപ്പെട്ട പദ്ധതികളെല്ലാം 10-ാം പദ്ധതിയിലും തുടരുന്നുണ്ട്. പദ്ധതികൾ നിർത്തലാക്കിയതിന്റെ പേരിൽ സംഘങ്ങൾ അടച്ചുപൂട്ടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) കേന്ദ്രത്തിൽനിന്നും 31-3-2003 വരെ 11.894 കോടി രൂപ മാർക്കറ്റിംഗ് ഇൻസെന്റീവ് ഇനത്തിൽ ലഭിക്കുകയുണ്ടായി. ഈ ഇനത്തിലുള്ള സംസ്ഥാന വിഹിതവും കൂട്ടിച്ചേർത്ത് ആകെ 23.844 കോടി രൂപ വിതരണം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കേന്ദ്ര സംസ്ഥാന പദ്ധതികൾ ഫലപ്രദമായി നടപ്പാക്കിവരുന്നു. മിത മായ വിലയ്ക്ക് അസംസ്കൃത വസ്തുക്കൾ ഹാന്റ്ക്സ്, ഹാൻവീവ്, ജില്ലാ നുൽ ബാങ്ക് എന്നിവ വഴി നെയ്ത്തുകാർക്ക് ലഭ്യമാക്കുക, സംഘങ്ങളുടെ പ്രവർത്തന മൂലധനത്തിനായി ഓഹരി പങ്കാളിത്തം അനുവദിക്കുക, ഫാക്ടറി അടിസ്ഥാനത്തിലുള്ള പ്രവർത്തനം പുനരുദ്ധരിക്കുന്നതിന് ധനസഹായം നൽകുക, നെയ്ത്തിലും ഡൈയിംഗിലും ഡിസൈനുകളിലും പരിശീലനം നൽകുക എന്നീ പദ്ധതികൾ നടപ്പാക്കിവരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളായ ദീൻദയാൽ കൈത്തറി വികസന പദ്ധതി, ഹാന്റ്ലൂം എക്സ്പോർട്ട് സ്കീം, ടെക്സ്റ്റയിൽ സെന്റർ ഇൻഫ്രാസ്ട്രക്ചറൽ ഡെവലപ്മെന്റ് സ്കീം തുടങ്ങിയവ നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമാക്കി ഹെൽത്ത് പാക്കേജ് സ്കീം, കോൺട്രിബ്യൂട്ടറി ത്രിഫ്റ്റ് ഫണ്ട്, ഹൗസ്-കം-വർക്ക്ഷെഡ് സ്കീം തുടങ്ങിയ പദ്ധതികളും നടപ്പാക്കിവരുന്നു.

കൈത്തറി സഹകരണ സംഘങ്ങൾക്ക് റിബേറ്റിനത്തിൽ കൊടുക്കാനുള്ള തുക

147 [2626] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കൈത്തറി സഹകരണ സംഘങ്ങൾക്ക് റിബേറ്റ് ഇനത്തിൽ സർക്കാർ കൊടുക്കാനുള്ള തുക എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; നടപ്പുവർഷ ത്തിൽ തുക ലഭ്യമാക്കുന്നുണ്ടോ;

(ബി) ഹാന്റ്ക്സിന് സംസ്ഥാന സർക്കാർ കൊടുക്കാനുള്ള റിബേറ്റ്, മറ്റ് ബാക്കി തുകകൾ എന്നിവ എത്ര; ഹാന്റ്ക്സ് പ്രാഥമിക സഹകരണ സംഘങ്ങൾക്ക് കൊടുക്കാനുള്ള തുക എത്ര; സംഘങ്ങൾ ഏതൊക്കെയാണെന്നും എന്നു കൊടുത്തു തീർക്കുമെന്നും വെളിപ്പെടുത്താമോ;

(സി) കേരളത്തിൽ നിലവിൽ കൈത്തറി സഹകരണസംഘങ്ങളിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾ എത്രയെന്നും, തറികൾ എത്രയെന്നും വെളി പ്പെടുത്തുമോ;

(ഡി) ഈ മേഖല നിലനിറുത്തുന്നതിനുള്ള സർക്കാർ പദ്ധതികൾ എന്തെല്ലാം എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2001-02 വർഷത്തെ റിബേറ്റ് കുടിശ്ശിക നൽകാനുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.† ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് റിബേറ്റ് കുടിശ്ശിക കൊടുത്തുതീർക്കുന്നതാണ്.

(ബി) ഹാന്റ്ക്സിന് 2002-03-ലെ റിബേറ്റിനത്തിൽ 2,10,57,642 രൂപ നൽകാനുണ്ട്. മറ്റു കുടിശ്ശികകൾ ഇല്ല. ഹാന്റ്ക്സ് പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നൽകാനുള്ള തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തി രിക്കുന്നു.† തുണിത്തരങ്ങൾ വിറ്റുതീരുന്ന മുറയ്ക്ക് നൽകുന്നതാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly